**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 666** **13-01-2021 - ൽ മറുപടിയ്ക്ക്**

**സഹകരണ സംഘങ്ങളെ പുനരുദ്ധരിക്കുന്നതിനുള്ള പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ കെ.വി.അബ്ദുൾ ഖാദർ** | | **Shri. Kadakampally Surendran**<br>**(സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് തുടർച്ചയായുണ്ടായ പ്രളയദുരന്തങ്ങളും കോവിഡ്-19 ഉം കാരണമുണ്ടായ പ്രതിസന്ധികൾ മറികടക്കാൻ കഴിയാതെപോയതു കാരണം സാമ്പത്തികമായി വലിയ നഷ്ടത്തിലേയ്ക്ക് പോയ ഇടത്തരം സഹകരണ സംഘങ്ങളെ പുനരുദ്ധരിക്കുന്നതിന് സർക്കാർ എന്തെങ്കിലും പദ്ധതികൾ അസൂത്രണം ചെയ്യുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ; | (എ) | പ്രളയത്തിൽ നാശനഷ്ടം സംഭവിച്ച സഹകരണ സംഘങ്ങൾക്ക് നഷ്ടത്തിൽ നിന്നും കരകയറാൻ കഴിയുന്ന വിധത്തിൽ പ്രളയ നഷ്ട തുകയോ നഷ്ടം പുനസ്ഥാപിക്കുവാൻ ആവശ്യമായ തുകയോ ഇതിൽ ഏതാണോ കുറവ്, അതിന്റെ 75 ശതമാനത്തിൽ അധികരിക്കാത്ത വിധം നൽകാവുന്ന തുകയുടെ 60 ശതമാനം ഓഹരി മൂലധനമായും 40 ശതമാനം സബ്സിഡിയായും പ്രത്യേകമായി പരിഗണിച്ച് 76 സംഘങ്ങൾക്ക് സബ്സിഡിയിനത്തിൽ 249.272 ലക്ഷം രൂപയും ഓഹരിയിനത്തിൽ 243.865 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 493.137 ലക്ഷം രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്. കൂടാതെ 2 സംഘങ്ങൾക്കായി സബ്സിഡിയിനത്തിൽ 45.49 ലക്ഷം രൂപയും ഓഹരിയിനത്തിൽ 31.49 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 76.98 ലക്ഷം രൂപ അനുവദിച്ച് നൽകുന്നതിനുമുള്ള നടപടി സ്വീകരിച്ചുവരുന്നു. |
| (ബി) | ഈ കാലയളവിൽ എത്ര സംഘങ്ങളാണ് പ്രവർത്തനം നിലച്ചുപോയതെന്ന് അറിയിക്കുമോ; | (ബി) | പ്രവർത്തനം പൂർണ്ണമായും നിലച്ചുപോയ സംഘങ്ങൾ ഒന്നും തന്നെയില്ല. |
| (സി) | ഇത്തരം സംഘങ്ങളെ നിലനിർത്തുന്നതിനും പ്രവർത്തനം ലാഭത്തിലാക്കുന്നതിനായി സംഘങ്ങളെ സജ്ജമാക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും സഹകരണസംഘം ജീവനക്കാർ മുൻകൈയ്യെടുക്കുന്നതിന് നിർദ്ദേശം നൽകുമോ? | (സി) | പ്രവർത്തനം പൂർണ്ണമായി നിലച്ചുപോയ സംഘങ്ങളൊന്നും നിലവിലില്ല. ആയതിനാൽ ഇത്തരം സംഘങ്ങളെ നിലനിർത്തുന്നതിനും പ്രവർത്തനം ലാഭത്തിലാക്കുന്നതിനായി സംഘങ്ങളെ സജ്ജമാക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും സഹകരണ സംഘം ജീവനക്കാർ മുൻകൈയെടുക്കുന്നതിന് പ്രത്യേക നിർദ്ദേശം നിലവിൽ നൽകിയിട്ടില്ലാത്തതാണ്. |

സെക്ഷൻ ഓഫീസർ